പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 1524

3.5.2017 ൽ
മറുപടിക്ക്

## വനിതാ പ്രാതിനിധ്യം വർദ്ധിപ്പിച്ച് ജനമൈത്രി പോലീസ് സംവിധാനം ശക്തിപ്പെടുത്താൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ശ്രീ.എ. പ്രദീപ്കുമാർ<br>ശ്രീ. സി. കൃഷ്ണൻ<br>ശ്രീ. സി.കെ. ഹരീന്ദ്രൻ<br>പ്രൊഫ.കെ.യു. അരുണൻ | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) കമ്മ്യൂണിറ്റി പോലീസിംഗ് നടപ്പിലാക്കുന്നതു വഴി ലക്ഷ്യമാക്കുന്ന നേട്ടങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | എ) കുറ്റാന്വേഷണത്തിലും ക്രമസമാധാനപാലനത്തിലും ജനങ്ങളെ സമ്പൂർണ്ണമായും വിശ്വാസത്തിലെടുത്തും പങ്കെടുപ്പിച്ചും നടത്തുന്ന പോലീസിംഗാണ് ജനമൈത്രീ പോലീസ് ലക്ഷ്യമിടുന്നത്. ജനങ്ങളുടെ സമ്പൂർണ്ണ പങ്കാളിത്തത്തോടെ പോലീസിംഗ് നടപ്പിലാക്കുക എന്നതാണിതിന്റെ ലക്ഷ്യം. 2008-ൽ പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ച ജനമൈത്രി സംവിധാനം ഇന്ന് കേരളത്തിൽ മുഴുവൻ വ്യാപിച്ചിട്ടുണ്ട്. ജനങ്ങളുടെ ജീവനും സ്വത്തും സംരക്ഷിക്കുക എന്ന പൂർവ്വകാല പോലീസിംഗ് സമ്പ്രദായത്തിന് പകരമായി അവരുടെ ആവലാതികളിലേയ്ക്കും പ്രശ്നങ്ങളിലേയ്ക്കും അവരെക്കൂടി ഉൾപ്പെടുത്തി ഇടപെടുന്ന രീതിയാണിത്. അതിനായി പോലീസ് ഉദ്യോഗസ്ഥർ (വനിതാ പോലീസ് ഉൾപ്പെടെ) ബീറ്റ് സന്ദർശനത്തിന്റെ ഭാഗമായി ഭവന സന്ദർശനം നടത്തി ഓരോ പ്രദേശത്തിന്റേയും സ്വഭാവം മനസ്സിലാക്കി പ്രവർത്തിക്കുന്നു. ജനമൈത്രി പോലീസിംഗ് സമ്പ്രദായത്തിന്റെ മുഖമുദ്രയാണ് ഭവന സന്ദർശനം. ജനങ്ങളുടെ വിശ്വാസമാർജ്ജിച്ച് അവരോടൊപ്പം പ്രവർത്തിക്കാൻ പോലീസ് ഉദ്യോഗസ്ഥർക്ക് കൃത്യമായ പരിശീലനവും നൽകിവരുന്നു. കൂടാതെ പോലീസ് സ്റ്റേഷനുകളുടെ നേതൃത്വത്തിൽ ജനകീയ കൂട്ടായ്മകളും |

സാമൂഹിക സാംസ്കാരിക പരിപാടികളും നടത്തുക വഴി പോലീസും ജനങ്ങളും തമ്മിൽ നിരന്തരമായ ബന്ധവും ഉണ്ടാകുന്നുണ്ട്.

| | |
|---|---|
| ബി) സമൂഹത്തെ വർഗ്ഗീയമായി വിഭജിക്കാൻ ഫാസിസ്റ്റ ശക്തികളും തീവ്രവാദ ശക്തികളും ബോധപൂർവ്വം നടത്തുന്ന ശ്രമങ്ങളെ തുടക്കത്തിൽ തന്നെ കണ്ടെത്തി തടയുന്നതിന് ഈ സംവിധാനം എങ്ങനെ ഫലപ്രദമായി ഉപയോഗിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ; | ബി) ജനങ്ങളെ പൂർണ്ണമായും പങ്കെടുപ്പിച്ചുകൊണ്ട് ജനകീയ കൂട്ടായ്മകളും സാമൂഹിക ക്ഷേമ പരിപാടികളും നടത്തുന്നതുവഴി അവരുടെ വിശ്വാസം ആർജ്ജിക്കാൻ പോലീസിനു കഴിഞ്ഞിട്ടുണ്ട്. ജനമൈത്രി പോലീസിംഗിന്റെ ഭാഗമായ ജനമൈത്രി സമിതിയുടെ ഭാഗമായ പൊതുജനങ്ങൾ അവരുടെ അഭിപ്രായങ്ങളും ആശങ്കകളും പോലീസിനോട് പങ്ക് വയ്ക്കുന്നു. ജനമൈത്രി ജാഗ്രതാ സമിതിയും കടലോര ജാഗ്രതാ സമിതിയുമെല്ലാം ഇതിന്റെ ഭാഗമാണ്. കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ്ഗ് പോലുള്ള പ്രദേശങ്ങളിൽ നടന്ന വർഗ്ഗീയ കലാപങ്ങൾ കലുഷിതമാകാതിരിക്കാൻ ജനമൈത്രി പോലീസിന്റെ ഇടപെടൽ മാതൃകയായിട്ടുണ്ട്. ആദിവാസി മേഖലയിലും ജനമൈത്രി പോലീസിന്റെ കൃത്യമായ ഇടവേളകളിലെ സന്ദർശനവും ഊരുസന്ദർശനവും നടത്തുന്നതുമൂലം ആ ഭാഗത്തുള്ള ഛിദ്രശക്തികളുടെ ഇടപെടലിനെ ഒരു പരിധിവരെ നിയന്ത്രിക്കാനും കഴിഞ്ഞിട്ടുണ്ട്. |
| സി) സ്ത്രീകളുടെയും കുട്ടികളുടെയും നേരെ വർദ്ധിച്ചുവരുന്ന അതിക്രമങ്ങളെ ചെറുക്കാൻ പോലീസിൽ വനിതാ പ്രാതിനിധ്യം വർദ്ധിപ്പിച്ച് ജനമൈത്രി പോലീസിംഗ് സംവിധാനം ശക്തിപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ? | സി) സ്ത്രീകളുടെയും കുട്ടികളുടെയും നേരെ വർദ്ധിച്ചുവരുന്ന അതിക്രമങ്ങളെ ചെറുക്കാൻ പോലീസിൽ വനിതാ പ്രാതിനിധ്യം വർദ്ധിപ്പിച്ച് ജനമൈത്രി പോലീസിംഗ് സംവിധാനം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. |

സെക്ഷൻ ഓഫീസർ